# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.2944 17/10/2016 ൽ മറുപടിക്ക്

## റേഷൻകാർഡുകളുടെ വിതരണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.പുരുഷൻ കടലുണ്ടി. | ശ്രീ.പി.തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |
| എ) റേഷൻ കാർഡുകൾ ഡിസംബർ മാസത്തിൽ ലഭ്യമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ച് വരുന്നു എന്ന് വ്യക്തമാക്കാമോ ; | എ) മുൻഗണനാ വിഭാഗക്കാരെ കണ്ടെത്തുന്നതിനായി സംസ്ഥാനതല റാങ്കിംഗ് നടത്തി ഓൺലൈനായി കരട് പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതിന്റെ പകർപ്പുകൾ താലൂക്ക് സപ്ലൈ ആഫീസ്, പഞ്ചായത്ത് ആഫീസ്, വില്ലേജ് ആഫീസ്, റേഷൻ കടകൾ എന്നിവിടങ്ങളിലും കൂടി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരികയാണ്. കരട് പട്ടികയിന്മേലുള്ള പരാതി തദ്ദേശ സ്വയംഭരണതല വെരിഫിക്കേഷൻ കമ്മിറ്റികൾ പരിശോധിച്ച് തീർപ്പാക്കി അതിന്മേൽ വീണ്ടും പരാതിയുണ്ടെങ്കിൽ ജില്ലാ കളക്ടർ ചെയർമാനായ അപ്പീൽ കമ്മിറ്റികളും കൂടി പരിശോധിച്ച് തീർപ്പാക്കി അന്തിമ പട്ടിക തയ്യാറാക്കി റേഷൻ കാർഡുകൾ എത്രയും വേഗം അച്ചടിച്ച് വിതരണം ചെയ്യാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| ബി) എ.പി.എൽ, ബി.പി.എൽ തരംതിരിവിൽ കേന്ദ്രമാനദണ്ഡത്തിന് എന്തെങ്കിലും മാറ്റം വന്നിട്ടുണ്ടോ എന്നറിയിക്കാമോ ? | ബി) മാറ്റം വരുത്തിയിട്ടില്ല. 2013 -ലെ ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, വകുപ്പ് 10 പ്രകാരം മുൻഗണനാ വിഭാഗക്കാരെ കണ്ടെത്തുന്നതിന് സംസ്ഥാനതല റാങ്കിംഗ് നടത്തി കരട് പട്ടിക സിവിൽ സപ്ലൈസ് വകുപ്പിന്റെ വെബ്സൈറ്റിലൂടെ പ്രസിദ്ധീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ